# കല്ലിൽ മറ്റൊരു കല്ല്

എം. പി. പ്രതീഷ്



കല്ലിൽ മറ്റൊരു കല്ല്

എം. പി. പ്രതീഷ്
(മലയാളം: കവിത)

© 2025, M. P. Pratheesh

The electronic versions have been created by making use of the production infrastructure of River Valley Technologies.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020 and the cloud framework, Ithal (ഇതൾ). The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

The electronic versions are released under the provisions of Creative Commons Attribution Non-commercial ShareAlike license for free download and usage.

Cover: Photograph by M. P. Pratheesh.

**Sayahna Foundation**
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

# ഉള്ളടക്കം


1 കല്ലിൽ മറ്റൊരു കല്ല് . . . . . 4

2 ഉയരത്തിൽ . . . . . . . . . . . . 5

3 മരണശേഷവും . . . . . . . . . . 6

4 ഒരില . . . . . . . . . . . . . . . . . 7

5 അൻപ് . . . . . . . . . . . . . . . . 8

6 കിളിക്കൂടുകൾക്കുമീതെ . . . . 9

7 ജനാല . . . . . . . . . . . . . . . . 10

8 വിറക് . . . . . . . . . . . . . . . . . 11

9 കിളിക്കൂടുകൾ . . . . . . . . . . . 12

10 കായ്കൾ . . . . . . . . . . . . . . . . 13

11 കല്ല്, തീയ്, വെള്ളം . . . . . . . 14

12 മടങ്ങിവരുന്ന . . . . . . . . . . . 15

13 ഞാറമരത്തിൽനിന്നും . . . . 16

14 മുറിവിൽ രാത്രി . . . . . . . . . . 17

15 ഇരുമ്പുയുഗം . . . . . . . . . . . . 18

16 മുടങ്ങാതെ . . . . . . . . . . . . . 19

17 വേര്. . . . . . . . . . . . . . . . . . 20

18 ഓർമ്മിക്കാനുള്ള വിദ്യ . . . . 21

19 കാത്തുനിന്ന . . . . . . . . . . . . 22

20 ഇത്ര മുകളിൽ . . . . . . . . . . . 23

# 1

# കല്ലിൽ മറ്റൊരു കല്ല്

കല്ലിൽ മറ്റൊരു
കല്ല്
ഉരയുന്നതു കേട്ടു
കുന്നിഞ്ചെരിവിലാകെ തീ പടരുന്നു
ജന്തുക്കളോടിപ്പോകുന്നു
കല്ലിനും കല്ലിനുമിടയിൽ നെൻമണികൾ
പൊടിഞ്ഞമരുന്നു
ഓർമവരാത്ത അകലത്തിൽ
എന്റെ വാരിയെല്ലുകൾക്കിടയിലൂടെ
മൂർച്ചയുള്ളൊരു കല്ല് നീങ്ങുന്നു

## 2

# ഉയരത്തിൽ

കടൽനിരപ്പിൽനിന്ന് ഏഴായിരമടി
ഉയരത്തിൽ, കിഴക്കൻമലയുടെ ചെരിവിൽ,
ഏകരമുള്ള മരങ്ങൾ
ആ പൂക്കൾ ഒരിക്കലും താഴെവീഴുന്നില്ല
മനുഷ്യർക്കറിയില്ല അതിന്റെ നിറം

കാടിനുമീതെ ചുറ്റിയലയുന്ന ശലഭങ്ങളെയും
തേനീച്ചകളെയും ആരും കണ്ടിട്ടില്ല
മേഘങ്ങളിലൂടെ അവ ഓരോ
ദിക്കിലും ചെന്നുമടങ്ങുന്നു

ഭൂമിയുടെ ഇരുളാർന്ന അടിത്തട്ടിൽ
നീ തൊട്ടുനോക്കുകയാണ്

പൂവ്-
തേനീച്ചച്ചിറക്-
ശലഭവാസന-

# — 3 —

# മരണശേഷവും

കല്ല്, അനശ്വരമായ വസ്തുവാണ്-
മരണശേഷവും അത്
അലിഞ്ഞുപോവുന്നില്ല.

# 4

## ഒരില

മരുന്നിന്റെ ഒഴിഞ്ഞു ഞളുങ്ങിയ ട്യൂബ്
ചോരകലർന്ന തുണി
ചുരുട്ടിയ പഞ്ഞി
എല്ലാം വലിച്ചെറിഞ്ഞു
രാത്രിയുടെ ഉള്ളിലേയ്ക്ക് ഇത്രകാലവും
വീണുകൊണ്ടിരുന്ന
പലതരം വസ്തുക്കൾക്കു മീതെ, ഇപ്പോൾ-
കൈയിൽനിന്നൂർന്നുപോയ
ജീവനുള്ള ഒരില
ചുറ്റിക്കറങ്ങിച്ചുഴിപോലെ
പതുക്കെ
ചെന്നിരിക്കുന്നു

## 5

# അൻപ്

രാത്രിയിലൂടെ നടന്നുനടന്നു ഞാൻ
രാത്രിയായ്ത്തീരുമ്പോലെ
ഈ ചെറിയ വാക്കിലൂടെ നടക്കുന്നു

## 6

# കിളിക്കൂടുകൾക്കുമീതെ

കിളിക്കൂടുകൾക്കു മീതെ കല്ലുകൾ-
ചുള്ളിക്കമ്പുകൾ പതുക്കെ ഒടിഞ്ഞു
മുട്ടത്തോടുകളുടഞ്ഞു
കൊഴുത്ത നീര് നാരുകളിലും
കമ്പുകളിലും തൂവലുകളിലും
കല്ലിലും പറ്റിപ്പിടിച്ചുണങ്ങി
അതിൽ നിന്ന് വേർപെടാൻ
വയ്യാതെ നമ്മുടെ സങ്കടം
മരിച്ചുപോകയും പുനർജനിക്കയും-

# 7

# ജനാല

കാണാൻ വയ്യാത്തയകലത്ത്
കുന്നിഞ്ചെരിവിലെ ആ മരം
കാറ്റിലാടിയുലയുന്നതു കണ്ടുനിൽക്കുമ്പോൾ

കിളികളതിൽനിന്നു വേർപെട്ടകലുന്ന
ചില്ലകളുടെ വിതുമ്പൽ കേട്ടുനിൽക്കുമ്പോൾ

എന്റെയുടുപ്പുമുടലും കത്തിയാളുന്നു
ചാരത്തിന്റെ തീമണം പൊന്തുന്നു

ആരോ വന്നീ ജനാല ചാരുന്നു

# 8

## വിറക്

ആ ചെരിവിലേക്കു പോയി
വലിയ മരങ്ങളുടെ ചുവട്ടിൽ  ഉണങ്ങിയ
കായ്കളും തുവലുകളും കണ്ടു
കാറ്റിൽ പൊട്ടിവീഴുന്ന
ചുള്ളിക്കമ്പുകൾ പെറുക്കി
മുള്ളുരഞ്ഞ് കാൽത്തണ്ടകൾ മുറിഞ്ഞു
ഈ നീറ്റലിന് എത്ര ലക്ഷം
വയസ്സെന്ന് ഓർത്തു
രാത്രിയുടെ തീയിനുചുറ്റമിരുന്നപ്പോൾ
ഓർമയിൽ മാത്രമുള്ളൊരു മുത്തശ്ശി
എന്റെയുടലിൽനിന്നിറങ്ങിവന്നു
തണുത്തെ കൈകൾ തീയിനുനേർക്ക് നീട്ടി

# 9

## കിളിക്കൂടുകൾ

ഉടലിലൂടൊരു സൂചിത്തുമ്പും
പിന്നാലെയൊരു നേർത്ത
നൂലും കടന്നുപോയി
നൂലിനറ്റം തമ്മിൽ
പിണഞ്ഞുകെട്ടുന്നതു കേട്ടു
മുട്ടകൾക്കും ചുള്ളിക്കമ്പുകൾക്കും മീതെ
ആ കിളി മടങ്ങിവന്നിരുന്നു
രാത്രിയുടെയുള്ളിൽ എല്ലാം
കണ്ണുപൂട്ടിക്കിടന്നു

കിളിക്കൂടുകൾ

മനുഷ്യരുടെ പിറുപിറുക്കൽ
കിളിക്കൂടുകളെയുലച്ചു.
ചെറിയ മുട്ടകളിൽ വിള്ളലുകളുണ്ടായി.

# 10

## കായ്ക്കൾ

ആ ദിക്കിലെല്ലാം നടന്ന് കായ്കളിറുത്തു.
ഞെട്ടുകളിൽ നിന്ന് ഓരോന്നും
വേർപെടുന്ന വിലാപം കേട്ടുകൊണ്ട്.
ഓരോ നാഴികയിലും അവയുടെ
നിറം പകർന്നുകൊണ്ടിരുന്നു.
ഭൂമിയിലെ ഏറ്റവും പഴക്കമുള്ള കൈകളും
മരച്ചില്ലകളും അപ്പോൾ എനിക്കുണ്ടായിരുന്നു.

# 11

## കല്ല്, തീയ്, വെള്ളം

തീപിടിച്ച ചിറക് ഈ
വെള്ളത്തിൽ താഴ്ത്തിവെച്ചു
വെള്ളത്തിൽ കലർന്നു,
അതിന്റെ ഭൂതകാലം

കല്ല്, തീയ്, വെള്ളം

അടിത്തട്ടിൽ ചെന്നുവീണ
മുറിവുകൾക്കുമേൽ നിശ്ചലമായി,
കല്ല്

കല്ല്, തീയ്, വെള്ളം

കഴിഞ്ഞ ജന്മങ്ങളുടെ കനം കൊണ്ട്
ഞാറപ്പഴങ്ങളുടെ ദുഃഖം
ഭൂമിയിലേയ്ക്കുതന്നെ വീഴുന്നു

കല്ല്, തീയ്, വെള്ളം

കാട്ടുകിളികൾക്കൊപ്പം
ഉയർന്നുപറക്കാൻ വയ്യാ;
കല്ല്, ആ പൂവ്വത്തിയുടെ കൊമ്പിൽ
കിതപ്പോടെ ഇരുന്നു.

കല്ല്, തീയ്, വെള്ളം

പൊത്തുനിറഞ്ഞു് താഴേയ്ക്കൊഴുകുന്ന
മഴവെള്ളത്തിൽ കിളികളെപ്പറ്റിയുള്ള
നിഴലുകൾ

കല്ല്, തീയ്, വെള്ളം

ഏറ്റവും ഭാരമുള്ള കല്ല്
എന്റെ നെഞ്ചിൽ വെയ്ക്കൂ;
ഞാൻ ഭൂമിയിലേയ്ക്ക്
പറന്നുപോവാതെ നോക്കൂ.

## 12

# മടങ്ങിവരുന്ന

മടങ്ങിവരുന്ന
ദേശാടനശലഭങ്ങൾ
പുറപ്പെട്ടുപോയ കിളികൾ
വൈകുന്നേരങ്ങൾ
കണ്ണുകളിലീറനാവുന്ന

# — 13 —

# ഞാറമരത്തിൽനിന്നും

ഞാറമരത്തിൽനിന്ന് മഴവെള്ളം
ഭാരം കൊണ്ട്
താഴേക്കുവീണുകൊണ്ടിരുന്നു
ഞാറമരത്തിൽനിന്നും നീലഗ്രഹങ്ങൾ
ഭാരം കൊണ്ട്
താഴേക്കുവീണുകൊണ്ടിരുന്നു

## 14

# മുറിവിൽ രാത്രി

മുറിവിൽ രാത്രി കലരുന്നു-
രാത്രിയിൽ കൂടുതൽ അഗാധമായ
രാത്രി കലരുന്നു

# 15

# ഇരുമ്പുയുഗം

മുള്ളിൻപഴങ്ങൾ, കിളികൾ, ഇലപ്പൂഴക്കൾ-
ച്ചുവന്നുരുകിയ ഇരുമ്പയിരിൽനിന്ന്
മറ്റൊന്നും
വേർതിരിക്കാൻ കഴിഞ്ഞില്ല

# 16

## മുടങ്ങാതെ

എല്ലാ പുഴക്കളും അതിരാവിലെത്തന്നെ
കുളിച്ചുതുവർത്തി, നിത്യം.
ദൈവം എല്ലാ ചെടികൾക്കും മുടങ്ങാതെ
വെള്ളം പാർന്നുപോന്നു.

# 17

## വേര്

ചെങ്കല്ലിനുള്ളിലൂടെ തെങ്ങിന്റെ
വേര് കടന്നുപോയി
മുറിഞ്ഞ വക്കുള്ള ചന്ദ്രൻ തെങ്ങിന്റെ
ദേഹം തുളച്ച് അപ്പുറം പോയി

# 18

# ഓർമ്മിക്കാനുള്ള വിദ്യ

നനഞ്ഞ സിമന്റിൽ അകപ്പെട്ട
മഞ്ഞച്ചിലന്തി ഇനി തിരിച്ചുവരില്ല
ചിലന്തികൾക്ക് വേർപെട്ടുപോയ
കുഞ്ഞിനെ ഓർമ്മിക്കാനുള്ള വിദ്യ
ദൈവം പഠിപ്പിച്ചിരിക്കുമോ?

## 19

## കാത്തുനിന്നു


ആരെങ്കിലും ഈവഴി വരുന്നുണ്ടോയെന്ന്
ഏറെനേരം കാത്തുനിന്നു,
കുളക്കരയിൽ, ദൈവം
തിരുമ്പിപ്പിഴിഞ്ഞ മുണ്ട് നാലറ്റവും
പിടിച്ച് കുടഞ്ഞു വിരിക്കുവാൻ.

## 20

# ഇത്ര മുകളിൽ

അടുക്കള മുറ്റത്തു് പന്തലുണ്ടു്.
ഓടിനു് മീതേക്ക് വിറകുകത്തുന്ന
ചൂടും വെയിലുമുണ്ടു്.
എന്നാലും വയ്യ, കുമ്പളവള്ളിക്ക്
ഇത്ര മുകളിൽക്കേറിവളരുവാൻ,
ഈ വയസ്സാംകാലത്തിനി
പൂക്കാനും കായ്ക്കാനും.

# എം. പി. പ്രതീഷ്



കവി. ആവിയന്ത്രം, മീൻ പാത, കവിതയുടെ പുസ്തകം, മണ്ണും വെള്ളവും, സങ്കടപ്പുസ്തകം, പിറവെള്ളം, ദേശാടനങ്ങൾ തുടങ്ങി ഏഴ് കാവ്യസമാഹാരങ്ങൾ. ഇലകളും ചിറകുകളും, മുറിവുകളുടെയും ആനന്ദത്തിന്റെയും പുസ്തകം, വിത്തുമൂട, പാർപ്പിടങ്ങൾ എന്നിവ മറ്റു രചനകൾ.

## എഴുത്തുകാരെ പ്രോത്സാഹിപ്പിക്കുക

ഈ കൃതി കൊള്ളാമെന്ന് തോന്നിയാൽ ചുവടെ ചേർത്തിട്ടുള്ള ക്യൂ ആർ കോഡ് വഴി വഴി ഗ്രന്ഥകർത്താവിന്റെ അക്കൗണ്ടിലേക്ക് പത്തു രൂപ മുതൽ എത്ര തുകയും നേരിട്ട് അയച്ചുകൊടുക്കാവുന്നതാണ്. ഇതിലൂടെ സ്വതന്ത്ര പ്രകാശനത്തിലേയ്ക്ക് കൂടുതൽ എഴുത്തുകാരെ ആകർഷിക്കുക. എഴുത്തുകാർക്ക് ഇടനിലക്കാരില്ലാതെ നേരിട്ട് സാമ്പത്തിക സഹായം നൽകി അറിവ് സ്വതന്ത്രമാക്കാൻ സഹായിക്കുക.

P Pratheesh mp

UPI ID: mppratheesh87-1@okhdfcbank

Scan to pay with any UPI app

### Download QR Code

കൂടുതൽ വിവരങ്ങൾ അടുത്ത താളിൽ (പിൻകുറിപ്പിൽ).


# പിൻകുറിപ്പ്

സായാഹ്ന എഴുത്തുകാർക്ക് പ്രതിഫലം നല്കുന്നുണ്ടോ എന്നത് പല വായനക്കാരും എഴുത്തുകാരും നിരന്തരം അന്വേഷിക്കുന്ന കാര്യമാണ്. ഇല്ല. ഒരു സ്വതന്ത്ര പ്രസാധന സംരംഭം എന്ന നിലയ്ക്ക് അതിനു കഴിയില്ല, അതു ശരിയുമല്ല എന്നാണ് സായാഹ്ന കരുതുന്നത്. എന്നാൽ, ഡിജിറ്റൽ കാലത്ത് നമുക്ക് മറ്റൊരു രീതി അവലംബിക്കാവുന്നതാണ്.


ഒരു കൃതി വായിച്ചുതീരുമ്പോൾ അതു കൊള്ളാമെന്നും ഇതെഴുതിയ ആൾക്ക് എന്തെങ്കിലും പ്രതിഫലം നല്കേണമെന്നും തോന്നിയാൽ അതേ കൃതിയിൽ കാണുന്ന ലിങ്ക് വഴി ഗ്രന്ഥകർത്താവിന്റെ അക്കൗണ്ടിലേക്ക് പത്തുരൂപ മുതൽ എത്ര തുകയും നേരിട്ട് അയച്ചുകൊടുക്കാവുന്നതാണ്.

പകർപ്പവകാശം കഴിഞ്ഞ കൃതികളെ സംബന്ധിച്ച് ഈ തുക സായാഹ്നയുടെ അക്കൗണ്ടിലേക്കായിരിക്കും എത്തുക. അത് കൂടുതൽ കൃതികളുടെ ഡിജിറ്റൈസേഷന് വേണ്ടിയായിരിക്കും ചെലവഴിക്കുക.

കൃതിയോടൊപ്പമുള്ള ക്യൂ. ആർ. കോഡ് സ്കാൻ ചെയ്താൽ ഗൂഗ്ൾ പേ, ഭീംആപ്, തുടങ്ങിയ യുപിഐ ആപ്പുകൾ വഴി ഇഷ്ടാനുസരണം ഗ്രന്ഥകർത്താവിന് നേരിട്ട് പണം അയക്കാവുന്നതാണ്.




അതേ ഫോണിൽ നിന്നുതന്നെയാണ് പണം അയക്കേണ്ടതെങ്കിൽ ക്യൂആർകോഡിന്റെ സ്ക്രീൻഷോട്ടെടുത്ത് ഫോണിന്റെ ഗാലറിയിൽ ആണോ അത് സൂക്ഷിച്ചിരിക്കുന്നതെന്ന് ഉറപ്പുവരുത്തുക. ഗൂഗ്ൾ പേ ആപ്പിൽ Scan any QR code എന്ന ഐക്കണിൽ അമർത്തിയാൽ ക്യൂആർ കോഡ് സ്കാൻ ചെയ്യാനുള്ള സ്ക്രീനിൽ വരുന്നു. അതിന്റെ താഴെ Upload from gallery എന്ന ഐക്കണിൽ തൊട്ട് ഗാലറിയിലുള്ള സ്ക്രീൻഷോട്ട് സെലക്ട് ചെയ്യുക. തുക ടൈപ്പ് ചെയ്ത് സാധാരണ മാതിരി പെയ്മെൻറ് നടത്താം.




സ്ക്രീൻഷോട്ടിനു പകരം ഇതേ കൃതിയോടൊപ്പം കൊടുക്കുന്ന ക്യൂആർകോഡിന്റെ ചിത്രം ഡൗൺലോഡ് ചെയ്യുകയും ആവാം.

---

സായാഹ്ന ഫൗണ്ടേഷൻ, ജഗതി, തിരുവനന്തപുരം 695014